(സി) ഇളനീർ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയും നാളികേര വികസന ബോർഡും നടത്തിവരുന്നുണ്ട്. കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി കേര സമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് 10 ലക്ഷം കുറിയ/സങ്കരയിനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരകൃഷി പ്രോത്സാഹനം

118 (7415) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികവിള നൽകുന്നതും കർഷകർക്ക് സ്വയം വിളവെടുപ്പ് സാധ്യമാകുന്നതുമായ ചെറിയ ഇനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി ഓഫീസുകൾ മുഖേന കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളിലും ഇത്തരം തെങ്ങിനങ്ങളുടെ വ്യാപനത്തിന് പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ&ബി) ചെറിയയിനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി കേര സമൃദ്ധി എന്ന പദ്ധതിയിലൂടെ കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ ഇനം സങ്കര തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

നെല്ലിന് താങ്ങുവില

119 (7416) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ ഉല്പാദനച്ചെലവെങ്കിലും താങ്ങുവിലയായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) കാലാവസ്ഥാവ്യതിയാനവും സംഭരിച്ച നെല്ലിന് യഥാസമയം വില ലഭിക്കാതെയും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly